# GOVERNMENT OF KERALA

## Abstract

Forest and Wildlife Department - Allotment of reeds to Kerala State Bamboo Corporation Limited for the period from 01.11.2025 to 31.10.2030- execution of agreement- sanction accorded - Orders issued.

---

## FOREST & WILDLIFE (B) DEPARTMENT

G.O.(Ms)No.7/2026/F&WLD Dated,Thiruvananthapuram, 21-02-2026

---

Read 1) G.O(Ms) No.13/2021/F&WLD dated 13.08.2021.

2) Letter No. Pro(4)-4741/25 dated 05/10/2025, 23.10.2025 and 21.01.2026 of Principal Chief Conservator of Forests (Forest Management), Thiruvananthapuram.

## ORDER

As per the Government Order read as 1st paper above, an agreement existed between the Kerala State Bamboo Corporation Limited (KSBC Ltd) and the Kerala Forest Department for the free collection and transportation of 10,000 Metric Tonnes of reed per annum for a five-year period from 01.11.2020 to 31.10.2025.

2) As per the letter read as 2nd paper above, the Principal Chief Conservator of Forests (Forest Management) has submitted recommendation to the Government, along with a draft agreement, requesting to grant permission for the free supply of reeds to KSBC by fixing a revised limit of 5,000 Metric Tonnes per annum for the next five years from 01.11.2025 to 31.10.2030, subject to the condition that the reeds must be distributed exclusively to poor traditional bamboo workers for the manufacture of mats, baskets, and other traditional handicraft products by executing an agreement.

3) Government have examined the matter in detail and are pleased to approve the draft agreement attached to this order and to accord sanction to the Principal Chief Conservator of Forests (Forest Management) to execute the agreement between the Kerala Forest Department and KSBC Ltd for the allotment of 5,000 MT reeds per annum, free of cost for a period of five years from 01/11/2025 to 31/10/2030, subject to the condition that it shall be

distributed exclusively to poor traditional bamboo workers for the manufacture of handicraft products.

(By order of the Governor)
MINHAJ ALAM I A S
ADDITIONAL CHIEF SECRETARY

The Principal Chief Conservator of Forests & Head of Forest Force, Forest Head Quarters, Thiruvananthapuram.
The Principal Chief Conservator of Forests (Forest Management), Forest Head Quarters, Thiruvananthapuram.
The Managing Director, Kerala State Bamboo Corporation Limited, Angamaly South-73, Ernakulam.
The Accountant General (A&E/Audit), Kerala, Thiruvananthapuram.
Finance Department (vide Ref No. 3334224/Agri-A1/265/2025-FIN dated 26/12/2025) .
Law (Conveyance Cell) Department(vide Ref. No. CONV-1/1/2026-LAW dated,12/1/2026).
General Administration (SC) Department (vide item No. -- dated (18/02/2026).
Web & New Media) Department (For publishing in website).
Stock File/Office copy.

Forwarded /By order

Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-02-2026

ഫയൽ നം. ബി2/95/2025/വനം. ഇനം നം: 3688

വിഷയം : വനം-വന്യജീവി വകുപ്പ് - കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും (KSBC) കേരള വനം വകുപ്പും തമ്മിലുള്ള ഈറ്റ വിതരണത്തിനുള്ള കരാർ 01.11.2025 മുതൽ 31.10.2030 വരെയുള്ള അടുത്ത അഞ്ചു വർഷത്തേക്കു പുതുക്കുന്നത്.

തീരുമാനം : താഴെപ്പറയുന്ന ഭേദഗതികളോടെ കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

1. "കൈത്തറി" എന്നത് "കരകൗശല" എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.
2. എഗ്രിമെന്റിൽ ഡോ. എൽ. ചന്ദ്രശേഖർ ഐ.എഫ്.എസ്. എന്ന് പേര് ചേർത്തിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
3. എഗ്രിമെന്റിലെ ഖണ്ഡിക 9(c)-യിൽ 'labour codes' എന്ന പരാമർശം ഒഴിവാക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

JS(F&WL)

19/2

3688

| | | |
|---|---|---|
| | **കേരള സർക്കാർ<br>( ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്** | |
| 1. | ഫയൽനമ്പർ | ബി2/95/2025-വനം |
| 2. | വകുപ്പ് | വനം വന്യജീവി(ബി) വകുപ്പ് |
| 3. | വിഷയം | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷനും (KSBC)കേരള വനം വകുപ്പും തമ്മിലുള്ള ഈറ്റ വിതരണത്തിനുള്ള കരാർ 01.11.2025 മുതൽ 31.10.2030 വരെയുള്ള അടുത്ത അഞ്ചു വർഷത്തേക്കു പുതുക്കുന്നതു സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05/02/2026 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ഉണ്ട് |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്<br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>നിയമവകുപ്പുമായി കൂടിയാലോചിച്ച് അവരുടെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. പ്രമോദ്.വി.ആർ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. മിൻഹാജ് ആലം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11/02/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ.ശശീന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12/02/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13/02/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള വനം വകുപ്പുമായി കരാറിൽ ഏർപ്പെട്ട് 01.11.2025 മുതൽ 31.10.2030 വരെയുള്ള 5 വർഷ കാലയളവിലേക്ക് പ്രതിവർഷം 5,000 മെട്രിക് ടൺ വീതം ഈറ്റ സൗജന്യമായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് (KSBC) വനം വകുപ്പിൽ നിന്നും ശേഖരിക്കുന്നതിനും കൊണ്ടുപോകുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) 01.11.2020 മുതൽ 31.10.2025 വരെയുള്ള അഞ്ച് വർഷത്തേക്ക് പ്രതിവർഷം 10,000 മെട്രിക് ടൺ വീതം ഈറ്റ സൗജന്യമായി ശേഖരിക്കുന്നതിനും കൊണ്ടുപോകുന്നതിനും കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും, കേരള വനം വകുപ്പും തമ്മിൽ 13.08.2021 ലെ G.O.(MS) No. 13/21/F&WLD പ്രകാരം കരാർ നിലവിലുണ്ടായിരുന്നു. പ്രസ്തുത കരാർ പുതുക്കണമെന്ന് അപേക്ഷിച്ച് കൊണ്ട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്) (PCCF-FM) കരട് കരാർ സഹിതം സർക്കാരിന് ശിപാർശ സമർപ്പിച്ചിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ KSBC ശേഖരിച്ച ഈറ്റയുടെ അളവ് വളരെ കുറവായിരുന്നു എന്നും അതിനാൽ ഇനിയുള്ള അഞ്ച് വർഷത്തേക്ക് പ്രതിവർഷം 5000 മെട്രിക് ടൺ മാത്രമായി പരിധി നിശ്ചയിച്ച് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനു സൗജന്യമായി ഈറ്റ വിതരണം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും, നിർദ്ധനരായ പരമ്പരാഗത ബാംബു തൊഴിലാളികൾക്ക് മാത്രമായി, പായ, കൊട്ട, മറ്റ് പരമ്പരാഗത കൈത്തറി ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കാൻ വിതരണം ചെയ്യണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അപ്രകാരമുള്ള കരാറിനു അംഗീകാരം നൽകണമെന്നും പ്രസ്തുത കരാറിൽ ഏർപ്പെടുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്) നെ ചുമതലപ്പെടുത്തണമെന്നുമാണ് ആവശ്യം.

3) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്) സമർപ്പിച്ച ശിപാർശ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന് ഈറ്റ ശേഖരിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകുന്നതിലും KSBC-യുമായുള്ള നിലവിലെ കരാർ ഭേദഗതികളോടെ പുതുക്കുന്നതിലും മന്ത്രിസഭയുടെ അംഗീകാരത്തിനു വിധേയമായി തീരുമാനമെടുക്കുന്നതിന് ധനവകുപ്പിന് വിയോജിപ്പില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."*

4) തുടർന്ന് കരാർ സൂക്ഷ്മപരിശോധനയ്ക്കായി നിയമ വകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെപ്പറയും പ്രകാരം അറിയിച്ചു.

I. കരാറിൽ ഏർപ്പെടുന്ന തീയതി, മാസം, വർഷം, സ്ഥലം എന്നിവ പ്രാരംഭ ഖണ്ഡികയിലും **Execution Clause**-ലും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

II. ടി കരാറിലെ കക്ഷികൾക്ക് വേണ്ടി കരാറിൽ ഒപ്പുവെക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഔദ്യോഗികസ്ഥാനം എന്നിവ കരാറിലെ പ്രാരംഭ ഖണ്ഡികയിലും **Execution Clause** ലും സമാനമായ രീതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കരാറിൽ ഏർപ്പെടുന്നതിന് ഒന്നാം കക്ഷിക്ക് വേണ്ടി ഒപ്പുവയ്ക്കുന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് ഭരണവകുപ്പ് ഉചിത തലത്തിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആയതിന്റെ വിശദാംശങ്ങൾ പ്രാരംഭ ഖണ്ഡികയിൽ ഉൾപ്പെടുത്തി ശരിപകർപ്പ് കരട് കരാറിനനുബന്ധമായി ചേർക്കേണ്ടതുമാണ്.

III. പുതിയ കരാറിൽ ഏർപ്പെടുവാനുള്ള അനുമതി ലഭ്യമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയത് ഈ കരാറിന്റെ ഭാഗമായി പ്രാരംഭ ഖണ്ഡികകളുടെ ഒന്നാമത്തേയും അവസാനത്തേയും ഖണ്ഡികയായും കരാറിന്റെ അവസാനം അനുബന്ധമായും കൂട്ടിച്ചേർക്കേണ്ടതുമാണ്.

IV. കരാറിൽ പരാമർശിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളുടെയും മുഴുവൻ വ്യവസ്ഥകളുടേയും കൃത്യത ഭരണവകുപ്പ് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

V. നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് **(labour Laws)** പകരം കേന്ദ്രസർക്കാർ 4 ലേബർ കോഡുകൾ കൊണ്ടുവന്നിട്ടുള്ളതും പ്രസ്തുത കോഡുകൾക്ക് 2025 നവംബർ 21 മുതൽ പ്രാബല്യം നല്കിയിട്ടുള്ളതുമാണ്. അപ്രകാരം പുറപ്പെടുവിച്ച **THE CODE ON SOCIAL SECURITY, 2020** വകുപ്പ് 164 പ്രകാരം **The Employee's Compensation Act, 1923 (formerly Workmen Compensation Act, (1923 ലെ 8 കേന്ദ്ര ആക്ട്, ) repeal** ചെയ്തിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ കരട് കരാറിലെ ഖണ്ഡിക 9(c) പരാമർശിച്ചിട്ടുള്ള **the Workmen Compensation Act or any other Labour Law** എന്നത് ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്.

VI. **Indemnity, Arbitration, Force Majeure, Notices** തുടങ്ങിയ ക്ലോസുകൾ കരാറിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഭരണവകുപ്പ് പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്.

VII. കരട് കരാറിൽ ഈ വകുപ്പ് വരുത്തിയിട്ടുള്ള എല്ലാ ഭേദഗതികളും തങ്ങളുടെ ഉത്തമ താത്പര്യങ്ങൾക്കനുസൃതമാണോയെന്ന് ഭരണവകുപ്പ് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

5) നിയമവകുപ്പിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കരട് കരാർ പുതുക്കാൻ PCCF (FM) ന് നിർദേശം നൽകിയതിനെ തുടർന്ന് PCCF പുതുക്കിയ കരട് കരാർ സർക്കാരിൽ ലഭ്യമാക്കി.

6) തുടർന്ന്, മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

1) നിർദ്ധനരായ പരമ്പരാഗത ബാംബു തൊഴിലാളികൾക്ക് മാത്രയായി കൈത്തറി ഉൽപ്പന്ന നിർമാണത്തിനായി വിതരണം ചെയ്യണമെന്ന വ്യവസ്ഥയോടെ, **01.11.2025** മുതൽ **31.10.2030** വരെ അഞ്ചു വർഷത്തേക്ക്, പ്രതിവർഷം പരമാവധി **5,000** മെട്രിക് ടൺ ഈറ്റ സൗജന്യമായി കേരള വനം വകുപ്പിൽ നിന്നും കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന് അനുവദിക്കാവുന്നതാണോ?

2) ആയതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷനും വനം വകുപ്പും തമ്മിൽ ഏർപ്പെടേണ്ട കരാർ അംഗീകരിക്കാമോ?

3) പ്രസ്തുത കരാറിൽ ഏർപ്പെടുന്നതിനു പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകാമോ ?